LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ആർ.ടി.സി. അപകട ഇൻഷ്വറൻസ് പദ്ധതി

323 (2152) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിലെ യാത്രക്കാർക്ക് വ്യക്തിഗത അപകട ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിവഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നല്കുമോ ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) നടപ്പാക്കിയിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ യാത്രചെയ്യുന്ന എല്ലാ യാത്രക്കാർക്കും അപകട ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്താനും യാത്രക്കാരുടെ ബാഗേജിന് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്താനുമാണ് അപകട ഇൻഷ്വറൻസ് പദ്ധതിവഴി ലക്ഷ്യമിടുന്നത്.

(സി) എല്ലാ കെ.എസ്.ആർ.ടി.സി. യാത്രക്കാർക്കും അപകട ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനായി M/s New India Assurance Company യുമായി ധാരണാ പത്രത്തിൽ ഒപ്പുവയ്ക്കുകയും വാർഷിക പ്രീമിയമായി 3,28,09,120 രൂപ (സർവ്വീസ് ടാക്സ് ഉൾപ്പെടെ) നൽകുകയും ചെയ്തിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. നിരത്തിലിറക്കിയ പുതിയ ബസ്സുകൾ

324 (2153) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2014-15, 2015-16 വർഷങ്ങളിൽ ഇതുവരെ പുതിയ എത്ര ബസ്സുകളാണ് നിരത്തിലിറക്കിയത് ; ഇനം തിരിച്ച് വ്യക്തമാക്കുമോ ; ഓരോ ജില്ലയ്ക്കും അനുവദിച്ചത് എത്ര എണ്ണം വീതമാണെന്നും അറിയിക്കുമോ ?